**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1523** **07-02-2023 - ൽ മറുപടിയ്ക്ക്**

**കലശമല ഇക്കോ ടൂറിസം പദ്ധതിക്കു ഭൂമി ഏറ്റെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കലശമല ഇക്കോ ടൂറിസം വില്ലേജ് പദ്ധതിയുടെ വികസനത്തിന് പഞ്ചായത്ത് റോഡ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിൽ ഉണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | തൃശ്ശൂർ ജില്ലയിൽ കുന്നംകുളം താലൂക്കിൽ അകതിയൂർ വില്ലേജ് പരിധിയിൽ നിന്നും 4.9261 ഹെക്ടർ ഭൂമി കലശ്ശമല ഇക്കോ ടൂറിസം പദ്ധതിയ്ക്കായി ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരിയായ ടൂറിസം വകുപ്പ് ഡയറക്ടർ സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ LARR Act 2013 പ്രകാരമുള്ള ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളതും 31.03.2022 ലെ സ.ഉ.(അച്ചടി)നം. 120/2022/റവ (31.03.2022 ലെ കേരള അസാധാരണ ഗസറ്റ് നം.1084) പ്രകാരം സാമൂഹ്യാഘാത പഠനം നടത്തുന്നതിന് രാജ്ഗിരി ഔട്ട്റീച്ച് സൊസൈറ്റി, കളമശ്ശേരി എന്ന ഏജൻസിയെ നിയോഗിച്ചു കൊണ്ട് 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. എന്നാൽ, സ്ഥലപരിശോധന നടത്തി തയ്യാറാക്കിയ ലാന്റ് പ്ലാൻ പ്രകാരം ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് 6.5583 ഹെക്ടർ ആണെന്ന് സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ), തൃശ്ശൂർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 4(1) തിരുത്തൽ വിജ്ഞാപനം 10.06.2022 ലെ സ.ഉ(അച്ചടി)നം. 174/2022/റവ പ്രകാരം (10.06.2022 ലെ കേരള അസാധാരണ ഗസറ്റ് നം.1935) പുറപ്പെടുവിക്കുകയുണ്ടായി. ഇത്തരത്തിൽ കൂടുതലായി വന്നിട്ടുള്ള ഭൂമി ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിട്ടുള്ളതും, 30.09.2022 തീയതിയിൽ സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് ഏജൻസി സമർപ്പിച്ചിട്ടുള്ളതാണ്. തുടർന്ന് പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായുള്ള വിദഗ്ദ സമിതിയെ നിയോഗിച്ച് ഉത്തരവായിട്ടുള്ളതുമായിരുന്നു. |

| | | | |
|---|---|---|---|
| | | | എന്നാൽ 06.01.2023-ൽ ചേർന്ന യോഗത്തിൽ പഞ്ചായത്ത് റോഡ് ടൂറിസം വകുപ്പിലേക്ക് ഏറ്റെടുക്കേണ്ട ആവശ്യമില്ലെന്നും ആദ്യം സർവേ ചെയ്ത ഭൂമി മാത്രം (4.9261 ഹെക്ടർ) ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. തുടർന്ന് ഏറ്റെടുപ്പിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്ത് റോഡ് ഒഴിവാക്കി ആദ്യം സർവ്വേ ചെയ്ത 4.9261 ഹെക്ടർ ഭൂമി മാത്രം ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരിയായ ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ സഹിതം ജില്ലാ കളക്ടർ 25.01.2023 ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ വിഷയത്തിൽ ഏറ്റെടുക്കേണ്ട ഭൂമിയെ സംബന്ധിച്ച് വിദഗ്ധ സമിതിയുടെ അഭിപ്രായം ലഭിച്ചതിനു ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ